"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
☎:0471-2342532
✉:keralaprisons@gov.in

തീയതി : 11-07-2023

**സർക്കുലർ നം 22**

ലൈബ്രറി കൗൺസിലിന്റെ ഗ്രാന്റ് ഉപയോഗിച്ച് ജയിലുകളിലേയ്ക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുമ്പോൾ സ്ഥാപന മേധാവികൾ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പുസ്തകങ്ങൾ വാങ്ങുമ്പോൾ പുസ്തകങ്ങളെയും വിലയെയും സംബന്ധിച്ചുള്ള വിവര പത്രിക വിവിധ പ്രസാധകരിൽ നിന്നും സൂപ്രണ്ടുമാർ മുൻകൂട്ടി വാങ്ങേണ്ടതും ജയിലുകളിലേയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് ആയവ വിതരണം ചെയ്യാൻ പ്രസാധകരോട് ആവശ്യപ്പെടേണ്ടതുമാണ്.

2. ഓരോ തവണ പുസ്തകങ്ങൾ വാങ്ങുമ്പോഴും വിവിധ പ്രസാധകരുടെ പുസ്തകങ്ങൾ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. പുസ്തകങ്ങൾ വാങ്ങുന്നതിന് മുൻപായി ജയിൽ ലൈബ്രറിയിലെ സ്റ്റോക്ക് പരിശോധിക്കേണ്ടതും സ്റ്റോക്കിലുള്ള പുസ്തകങ്ങൾ വീണ്ടും വാങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

4. പുതുതായി വാങ്ങുന്നതിനുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുമ്പോൾ അന്തേവാസികളുടെ വായനയോടുള്ള അഭിരുചി കൂടി കണക്കിലെടുക്കേണ്ടതും അത്തരം വിഭാഗങ്ങളിലുള്ള പുസ്തകങ്ങൾക്ക് മുൻഗണന നൽകേണ്ടതുമാണ്. (ഉദാ: കഥ,നോവൽ, നാടകം മുതലായവയും വനിതാ അന്തേവാസികൾക്കായി കുക്കിംഗ്, സ്റ്റിച്ചിംഗ് തുടങ്ങിയ മേഖലയിലുള്ള പുസ്തകങ്ങളും).

5. എക്സിബിഷൻ മുഖേന പുസ്തകങ്ങൾ വാങ്ങുമ്പോൾ കൂടുതൽ വില കിഴിവ് ലഭ്യമാകുമെന്നതിനാൽ ഇത്തരം സന്ദർഭങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ഇത്തരത്തിൽ കിഴിവ് ലഭിക്കുന്ന തുകയ്ക്ക് കൂടി പുസ്തകങ്ങൾ വാങ്ങേണ്ടതുമാണ്.

6. വാങ്ങാനുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി വെൽഫയർ ഓഫീസർ/ ലൈബ്രറിയുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ തടവുകാരുടെ പ്രതിനിധികൾ, ഉദ്യോഗസ്ഥരുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട കമ്മറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മറ്റിയുടെ അഭിപ്രായം മുഖവിലക്കെടുത്ത് പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതുമാണ്.

7. ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിലും, ലൈബ്രറി ഇഷ്യൂ രജിസ്റ്ററിലും ആവശ്യമായ രേഖപ്പെടുത്തലുകൾ യഥാസമയം വരുത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഉറപ്പ് വരുത്തേണ്ടതുമാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി,
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല